(ഡി) ഇതുവരെ നടന്നിട്ടുള്ള പണികളുടെ എത്ര ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരും ഗ്രാമവികസന കമ്മീഷണറും പുറപ്പെടുവിച്ച ഉത്തരവും സർക്കുലറും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പരിശോധന, ആനുകാലിക റിപ്പോർട്ടിംഗ്, കേന്ദ്ര സർക്കാർ നിയോഗിക്കുന്ന സംസ്ഥാനത്തിനു പുറത്തുനിന്നുള്ള നാഷണൽ ക്വാളിറ്റി മോണിറ്റേഴ്സ് നടത്തുന്ന നേരിട്ടുള്ള പരിശോധന എന്നിവ മുഖേന ഇക്കാര്യം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, എം.പി.മാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾക്കും ഈ കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ 50% തുക പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള അടിസ്ഥാനസൗകര്യവികസനത്തിനായി വിനിയോഗിക്കേണ്ടതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവർക്കു ലഭിക്കുന്ന വിഹിതത്തിന്റെ 22.5% പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന കുടുംബങ്ങളുടെ സ്വന്തം ഭൂമിയിൽ അവർക്ക് പ്രയോജനകരമായ ആസ്തികൾ ഉണ്ടാക്കുന്നതിനായി വിനിയോഗിക്കേണ്ടതാണ്.

(ഡി) ഈ പദ്ധതിപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെട്ട ചെലവിന്റെ ശതമാനം ചുവടെ ചേർക്കുന്നു:

	ആകെ ചെലവിന്റെ
2002-2003	25.26%
2003-2004	27.41%
2004-2005	33.04%
2005-2006 (ജൂൺ 31 വരെ)	28.78%

യുവജനങ്ങളിൽ സ്പോർട്ട്സ് താൽപര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

*7 [459] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട്സിൽ യുവജനങ്ങൾക്ക് താൽപ്പര്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമപ്രദേശങ്ങളിലും മറ്റ് സ്ഥലങ്ങളിലും രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സാമ്പത്തികസഹായം നൽകി യുവജനങ്ങളുടെ സ്പോർട്ട്സ് അഭിരുചി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) ഉണ്ട്.

(ബി) ഗ്രാമപ്രദേശങ്ങളിലും മറ്റ് സ്ഥലങ്ങളിലും രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്ട്സ് ക്ലബ്ബുകൾക്ക് കായിക യുവജനക്ഷേമ വകുപ്പിൽനിന്നും ഈ സാമ്പത്തികവർഷത്തിൽ ധനസഹായം നൽകുന്നുണ്ട്. ഈ സംഘടനകൾക്ക് കളിസ്ഥല നിർമ്മാണത്തിന്റെ അടങ്കൽ തുകയുടെ 50 ശതമാനമോ പരമാവധി 1.20 ലക്ഷം രൂപയോ അനുവദിക്കുന്നതാണ്.

സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് ടൂർണ്ണമെന്റുകൾ നടത്തുന്നതിന് ധനസഹായം നൽകിവരുന്നു. ഗ്രാമീണ മേഖലയിൽ റൂറൽ കോച്ചിംഗ് സെന്ററുകൾ അനുവദിക്കുന്നുണ്ട്. ഇതുവഴി അതതു പ്രദേശങ്ങളിലെ പ്രചാരമുള്ള കായിക ഇനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പരിശീലനം നൽകുന്നുമുണ്ട്.

കുട്ടിക്കൊമ്പനാനകളുടെ മരണത്തിനിടയാക്കുന്ന പ്ലാസ്റ്റിക് സാധനങ്ങളുടെ നിരോധനം

*8 [460] *ശ്രീ. കെ. എ. ചന്ദ്രൻ:*

„ *എം. എം. ഹസ്സൻ:*

„ *വി. ഡി. സതീശൻ:*

„ *കെ. സി. ജോസഫ്:*

„ *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവ്വിൽ കുട്ടിക്കൊമ്പനാനകളുടെ മരണം വർദ്ധിച്ചുവരുന്നുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തെന്നു വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ മറ്റു വനഭാഗങ്ങളിൽ കുട്ടിക്കൊമ്പനാനകളുടെ മരണനിരക്ക് കൂടുതലാണോ;

(ഡി) ആനകളുടെ മരണത്തിനിടയാക്കുന്ന പ്ലാസ്റ്റിക് കൂടുമായി വനത്തിൽ പോകുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly